(ബി) പന്തളം വാട്ടർ സപ്ലൈ സ്കീമിലെ ട്രീറ്റ്മെന്റ് പ്ലാന്റ് ആദ്യം നിർദ്ദേശിച്ചിരുന്ന സ്ഥലത്തുനിന്നും മാറ്റി വേറെ സ്ഥലത്ത് നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. സ്ഥലം എടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. സ്ഥലം മാറിയത്കൊണ്ട് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ 'റിവൈസ്ഡ് ഡിസൈൻ' ഐ.പി.ഡി.ഓഫീസിൽ തയ്യാറാക്കി വരുന്നു. സ്കീമിലേക്ക് ആവശ്യമായ 3070 എം.സി.ഐ. പൈപ്പും വിവിധ തരത്തിലുള്ള 3800 എം.എം. പൈപ്പും വാങ്ങിയിട്ടുണ്ട്. പദ്ധതിക്കാവശ്യമായ ബാക്കി എല്ലാ പൈപ്പുകളും വാങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നൂറനാട് സ്കീമിന് വേണ്ടി സ്ഥലമെടുക്കുന്നതിനുള്ള നടപടികളും പൈപ്പുകൾ വാങ്ങുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരുന്നു.

(സി) ഉണ്ട്.

(ഡി) സ്ഥലം ലഭ്യമായാലുടൻ സ്കീമിലേക്ക് ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്.

കുമ്പള പഞ്ചായത്തിലെ ശുദ്ധജലവിതരണ പദ്ധതികൾ

74 (299) ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ കുമ്പള പഞ്ചായത്തിൽ എത്ര ശുദ്ധജലവിതരണ പദ്ധതികൾ നിലവിലുണ്ട് ;

(ബി) പ്രസ്തുത പദ്ധതികളിലൂടെ കുമ്പള പഞ്ചായത്തിലെ ശുദ്ധജലവിതരണം പൂർണ്ണമാകില്ലെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ;

(സി) പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും കുടിവെള്ളമെത്തിക്കാൻ ആവശ്യമായ ഒരു ശുദ്ധജലവിതരണ പദ്ധതി ഉടനെ നടപ്പിലാക്കാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നാലു പദ്ധതികൾ നിലവിലുണ്ട്.

(ബി) ഉണ്ട്.

(സി) പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും കുടിവെള്ളമെത്തിക്കാൻ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനായി വിശദമായ സർവ്വേ നടത്തേണ്ടതുണ്ട്.

ചിക്കോട് കീഴ്പറമ്പ് ശുദ്ധജല പദ്ധതി

75 (300) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി നിയോജകമണ്ഡലത്തിലെ ചിക്കോട്, കീഴ്പറമ്പ് എന്നീ ശുദ്ധജലവിതരണ പദ്ധതിയുടെ നിർമ്മാണം തുടങ്ങിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ എന്നു തുടങ്ങും ;

LIBRARY ARCHIVES Kerala Legislative Assembly